"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്- ഇലക്ട്രിസിറ്റി താരിഫ് സബ്സിഡി മുൻകാല പ്രാബല്യത്തോടെ നിർത്തലാക്കിയ ഉത്തരവ് പരിഷ്കരിച്ചും സബ്സിഡി കുടിശ്ശിക ലഭിക്കുന്നതിനായുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി പുതുക്കി നൽകിയും ഉത്തരവാകുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.103/2026/TSM തീയതി,തിരുവനന്തപുരം, 17-02-2026

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം.**224/1986/GAD** തീയതി **11-07-1986**
2. സ.ഉ.(കൈ) നം.**537/2000/GAD** തീയതി **26-09-2000**
3. സ.ഉ.(സാധാ) നം.**75/2019/TSM** തീയതി **21-02-2019**
4. സ.ഉ.(സാധാ) നം.**108/2020/TSM** തീയതി **03-03-2020**
5. **WP(C)No.16882/2019** നമ്പർ കേസിൽ ബഹു. ഹൈക്കോടതി **10.01.2023** തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം..
6. സ.ഉ.(സാധാ) നം.**458/2023/TSM** തീയതി **10-09-2023** &സ.ഉ.(സാധാ) നം.**485/2023/TSM** തീയതി **19-09-2023**
7. സ.ഉ.(സാധാ) നം.**645/2025/TSM** തീയതി **31-10-2025**

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ വളർച്ചയ്ക്കായി വിനോദസഞ്ചാരത്തെ വ്യവസായമായി അംഗീകരിച്ചും, വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ യൂണിറ്റുകളെ വ്യക്തമാക്കിയും, ടി യൂണിറ്റുകൾക്ക് വിവിധ സബ്സിഡി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചും പരാമർശം **(1)** പ്രകാരം സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് സംസ്ഥാനത്തെ ക്ലാസിഫൈഡ് ഹോട്ടലുകളടക്കമുള്ള ടൂറിസം സ്ഥാപനങ്ങൾക്ക് വൈദ്യുതി താരിഫ് സബ്സിഡി അനുവദിച്ചും

ആയതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചും പരാമർശം(2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അപേക്ഷിക്കുന്ന സ്ഥാപനത്തിന് കേന്ദ്ര/സംസ്ഥാന ടൂറിസം വകുപ്പിന്റെ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് (പരമാവധി 5 വർഷം), സബ്സിഡി തുക കണക്കാക്കിയ കെ.എസ്.ഇ.ബി സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് വൈദ്യുതി താരിഫ് സബ്സിഡി അനുവദിച്ച് വന്നിരുന്നത്.

2. എന്നാൽ നിക്ഷേപത്തിൽ താരതമ്യേന പിന്നോക്കം നിന്നിരുന്ന ഉത്തര മലബാർ ജില്ലകളിൽ മൂലധന നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യക പദ്ധതി ആവിഷ്കരിക്കുന്ന കാര്യവും കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് മലപ്പുറം ജില്ലകളിൽ വൻകിട ടൂറിസം പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി നികുതി അവധി നൽകുന്ന കാര്യവും സർക്കാർ പരിഗണിച്ചുവന്നിരുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ക്ലാസിഫൈഡ് ഹോട്ടലുകളടക്കമുള്ള ടൂറിസം സ്ഥാപനങ്ങൾക്ക് നൽകി വന്നിരുന്ന ഇലക്ട്രിസിറ്റി താരിഫ് സബ്സിഡി പരാമർശം(3) പ്രകാരം മുൻകാല പ്രാബല്യത്തോടെ നിർത്തലാക്കിരുന്നു. തുടർന്ന് 31.03.2015 വരെ കാലയളവുള്ള സബ്സിഡി ലഭിക്കുന്നതിനായി 31.03.2019 വരെ ടൂറിസം ഡയറക്ടറേറ്റിൽ ലഭിച്ച അപേക്ഷകൾക്ക് അർഹതയുണ്ടായിരിക്കുമെന്ന് സ്പഷ്ടത വരുത്തി **പരാമർശം(4)** പ്രകാരം ഉത്തരവായിരുന്നു. എന്നാൽ സബ്സിഡി നിർത്തലാക്കിയ ഉത്തരവിനെതിരെ M/s.Vasu Coco Resorts (P) Ltd, ചേർത്തല എന്ന സ്ഥാപനം ബഹു. ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് പരാമർശം (3) സർക്കാർ ഉത്തരവ്, ബഹു. ഹൈക്കോടതി പരാമർശം (5) പ്രകാരം റദ്ദ് ചെയ്യുകയും 6 % പലിശയോടുകൂടി ഇലക്ട്രിസിറ്റി സബ്സിഡി നല്കാൻ ഉത്തരവാകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ M/s. Vasu Coco Resorts (P) Ltd എന്ന സ്ഥാപനത്തിന് 5 വർഷ കാലയളവിലേയ്ക്ക് പലിശ ഉൾപ്പടെ സബ്സിഡി തുക അനുവദിയ്ക്കുന്നതിനായി പരാമർശം (6) പ്രകാരം സർക്കാർ ഉത്തരവാകുകയും ചെയ്തിരുന്നു. 2/2013 മുതൽ 11/2018 വരെയുള്ള കാലയളവിലെ സബ്സിഡി തുകയും, പലിശയും ടി സ്ഥാപനത്തിന് അനുവദിച്ചു. ഇതേ വിഷയത്തിൽ മറ്റൊരു സംരംഭകനായ M/s. KGA Hotels and Resorts (Pvt) Ltd, Ernakulam (Unit Name -Crowne Plaza Kochi, Maradu,

**Ernakulam)** എന്ന സ്ഥാപനം ബഹു. ഹൈക്കോടതിയെ സമീപിക്കുകയും **WP(C) 923/2020 നമ്പർ** കേസിൽ ബഹു ഹൈക്കോടതിയുടെ **17.07.2024-** ലെ വിധിന്യായം പ്രകാരം അനുകൂല വിധി സമ്പാദിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനത്തിന് **04/2015** മുതൽ **03/2018** വരെയുള്ള കാലയളവിലെ സബ്സിഡി തുകയും, പലിശയും അനുവദിക്കുന്നതിന് പരാമർശം **(7)** പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

**3.** ഇലക്ട്രിസിറ്റി സബ്സിഡി നിർത്തലാക്കിയ ഉത്തരവ് റദ്ദുചെയ്ത ബഹു.ഹൈക്കോടതി ഉത്തരവിനെതിരെ സർക്കാർ സമർപ്പിച്ച അപ്പീൽ ബഹു.ഹൈക്കോടതി തള്ളിയ സാഹചര്യത്തിലും സബ്സിഡി അപേക്ഷകൾ നിരവധി ലഭ്യമായിക്കൊണ്ടിരിക്കുന്നതിനാലും ഇത്തരത്തിൽ സബ്സിഡി ആനുകൂല്യം പലിശ സഹിതം അനുവദിക്കുന്നത് സർക്കാരിന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്ന വസ്തുത കണക്കിലെടുത്ത്, ഇലക്ട്രിസിറ്റി സബ്സിഡി അപേക്ഷ തുടർന്നും സ്വീകരിയ്ക്കേണ്ടതുണ്ടോ എന്നതു സംബന്ധിച്ചും, ഇലക്ട്രിസിറ്റി സബ്സിഡി കാലയളവ് എന്ന് വരെ നിജപ്പെടുത്താം എന്നതും ആയതിനു എന്നുവരെ ലഭിച്ച അപേക്ഷകൾ പരിഗണിയ്ക്കാം എന്നതു സംബന്ധിച്ചും അഡ്വക്കേറ്റ് ജനറലിനോട് സർക്കാർ നിയമോപദേശം ആവശ്യപ്പെട്ടിരുന്നു.

**4.**അഡ്വക്കേറ്റ് ജനറൽ ലഭ്യമാക്കിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.സംരംഭകർക്ക് സർക്കാർ നൽകി വന്നിരുന്ന ഒരു ആനുകൂല്യം വർഷങ്ങൾക്ക് മുൻപുള്ള തീയതി പ്രാബല്യത്തിൽ നിർത്തലാക്കിയത് കൊണ്ടാണ് ഇലക്ട്രിസിറ്റി താരിഫ് സബ്സിഡി നിർത്തലാക്കിയ ഉത്തരവ് ഹൈക്കോടതി റദ്ദ് ചെയ്തിട്ടുള്ളത് എന്നതിനാൽ പരാമർശം**(3)** ഉത്തരവിലെ മുൻകാല പ്രാബല്യത്തിൽ സബ്സിഡി റദ്ദ് ചെയ്തു കൊണ്ടുള്ള **clause** ഒഴിവാക്കി ***ടി ഉത്തരവ് തീയതി (21/02/2019) പ്രാബല്യത്തിൽ സബ്സിഡി നിർ ത്തലാക്കിക്കൊണ്ട്*** പരാമർശം**(3)** ഉത്തരവ് പരിഷ്ക്കരിച്ചും, **31.03.2015** വരെ കാലയളവുള്ള സബ്സിഡി ലഭിക്കുന്നതിനായി **31.03.2019** വരെ ടൂറിസം ഡയറക്ടറേറ്റിൽ ലഭിച്ച അപേക്ഷകൾക്ക് അർഹതയുണ്ടായിരിക്കുമെന്ന് സ്പഷ്ടത വരുത്തി പുറപ്പെടുവിച്ച പരാമർശം**(4)** ഉത്തരവ് പരിഷ്കരിച്ച്

***21/02/2019 വരെയുള്ള കാലയളവിലെ സബ്സിഡി ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 31.03.2026 വരെ നീട്ടി നൽകികൊണ്ടും*** ഉത്തരവ് പുറപ്പെടുവിക്കുന്നു.

**5.** **31.03.2026** വരെ ലഭിക്കുന്ന അപേക്ഷകൾ ഓരോന്നും വ്യക്തിഗതമായി പരിശോധിച്ച് അപേക്ഷകളുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ , വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,പട്ടം,തിരുവനന്തപുരം
വൈദ്യുതി (എ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ, തിരുവനന്തപുരം)
അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ സെക്ടർ ആഡിറ്റ്) തിരുവനന്തപുരം
ഡയറക്ടർ ഓഫ് ട്രഷറീസ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്കവകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Archana T
സെക്ഷൻ ഓഫീസർ
Date: 17-02-2026 11:16:40

പകർപ്പ്
1.ബഹു വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്